**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1533** **11-09-2023 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക തസ്തികകൾ നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ കുറവ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് അതാതു വർഷം നടത്തുന്ന തസ്തിക നിർണ്ണയത്തിനു ശേഷം ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി.ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ അദ്ധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് ദിവസ വേതന അടിസ്ഥാനത്തിൽ നിയമനങ്ങളും നടത്തുന്നുണ്ട്. |
| (ബി) | സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ അംഗീകരിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (ബി) | 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിനു ശേഷം കണ്ടെത്തിയിട്ടുള്ള അധിക തസ്തികളിലേക്കുള്ള ഒഴിവുകളും നിലവിലുള്ള ഒഴിവുകളും പി.എസ്.സി ലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2023-24 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | സർക്കാർ സ്കൂളുകളിലെ എത്ര അദ്ധ്യാപക ഒഴിവുകളിലാണ് നിലവിൽ നിയമനം നടത്താൻ ഉള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ അദ്ധ്യയന വർഷം അദ്ധ്യാപക നിയമനം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | നിലവിലുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനം, ബൈട്രാൻസ്ഫർ നിയമനം, പ്രമോഷൻ, അന്തർജില്ലാ സ്ഥലംമാറ്റം എന്നിവ മുഖേന നികത്തുന്നതിനായുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| ക്രമ നമ്പർ | ജില്ല | ഒഴിവുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 832 |
| 2 | കൊല്ലം | 219 |
| 3 | പത്തനംതിട്ട | 90 |
| 4 | ആലപ്പുഴ | 178 |
| 5 | കോട്ടയം | 135 |
| 6 | ഇടുക്കി | 64 |
| 7 | എറണാകുളം | 277 |
| 8 | തൃശ്ശൂർ | 110 |
| 9 | പാലക്കാട് | 546 |
| 10 | മലപ്പുറം | 551 |
| 11 | കോഴിക്കോട് | 354 |
| 12 | വയനാട് | 166 |
| 13 | കണ്ണൂർ | 299 |
| 14 | കാസർഗോഡ് | 497 |
| | **ആകെ** | **4318** |

B.S. Kumar

സെക്ഷൻ ഓഫീസർ